# നീര ഉത്പാദനം തുടങ്ങാൻ ചട്ടങ്ങളിൽ മാറ്റം വരുത്തണം

തിരുവനന്തപുരം: നിര ഉത്പാദനത്തിന് സംസ്ഥാന സർക്കാർ അനുമതി നൽകിയെങ്കിലും അബ്കാരി ചട്ടങ്ങളിൽ ഭേദഗതി വരുത്തിയാലേ ഉത്പാദനം തുടങ്ങാനാവൂ.

നാളികേര ഉത്പാദന സമിതികൾക്ക് മദ്യാംശമില്ലാത്ത നിര ഉത്പാദിപ്പിക്കുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള ചട്ടഭേദഗതിയാണ് വേണ്ടത്. നാളികേരവികസന ബോർഡ് 2005 മുതൽ ഇതിന് ആവശ്യപ്പെടുന്നുണ്ട്. ചട്ടം ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടെങ്കിലും ഇത് വൈകുംതോറും നിരയുടെ ഉത്പാദനവും വൈകും. എക്സൈസ് വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നിയമവകുപ്പിന്റെ അനുമതിയോടെ വേണം ചട്ടത്തിൽ മാറ്റം വരുത്താൻ.

നിര ഉത്പാദിപ്പിക്കാൻ അനുമതി നൽകിയ മന്ത്രിസഭാ തിരുമാനപ്രകാരം എക്സൈസ് വകുപ്പിന്റെ ഉത്തരവിറങ്ങി. കള്ളുഷാപ്പുകൾ ഇപ്പോൾ പ്രവർത്തിക്കാത്ത തിരുവനന്തപുരം , കൊല്ലം, പത്തനംതിട്ട എന്നി ജില്ലകളിൽ ഒന്നിലധികം യൂണിറ്റുകൾക്ക് അനുമതി നൽകും. മറ്റു ജില്ലകളിൽ ഓരോ യൂണിറ്റും അനുവദിക്കും.

നാളികേര വികസന ബോർഡിന് കിഴിലുള്ള നാളികേര ഉത്പാദന സമിതികൾ, സൊസൈറ്റികൾ (സി.പി.എസ്), ഫെഡറേഷൻ എന്നിവയ്ക്കാണ് ഉത്പാദനത്തിനുള്ള അനുമതി നൽകുക.

നിര കള്ള് അല്ലാത്തതിനാൽ കള്ളുഷാപ്പുകളിലൂടെ വില്പന നടത്താൻ പാടില്ലെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഉത്പാദനവും വിതരണവും കള്ള് -നിര ബോർഡിന്റെ കിഴിലായിരിക്കും. ഇത് രൂപവത്കരിക്കുന്നതിനെപ്പറ്റി പ്രായോഗിക നിർദ്ദേശങ്ങൾ നൽകാൻ നികുതി വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കള്ളുചെത്ത് മേഖലയിലുള്ളവർക്ക് നിര ചെത്തുന്നതിൽ മുൻഗണന നൽകും. ആവശ്യത്തിന് തൊഴിലാളികളെ കിട്ടിയില്ലെങ്കിൽ പരിശീലനം നൽകി നിര ടെക്നിഷ്യൻമാരെ നിയോഗിക്കാം. ഇവരെ കള്ളുചെത്തുതൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളാക്കുമെന്നും ഉത്തരവിൽ പറയുന്നു.